(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-14/615/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
ഇ-മെയിൽ : doidk.ksad@kerala.gov.in

തീയതി. 30.08.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

ശാന്തൻപാറ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

വിഷയം :- ശാന്തൻപാറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-5, 3-6, 3-13 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-14/615/2019 തീയതി : 30.08.2019

# ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**********************************

ഇടുക്കി ജില്ലയിലെ **ശാന്തൻപാറ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18.07.2018 മുതൽ 15.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 05 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ 25.06.2019 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | ശ്രീ. വി. ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ആർ. സാമുവൽ രാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ |

## (ബി) <u>നിർവ്വഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ജിഷ ദിലീപ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ബാബു സുരേഷ് എ. വി. | 01.04.2018 മുതൽ 31.03.2019 വരെ |
| | | |
| അസി. സെക്രട്ടറി | ശ്രീ. ഇ. എം. അസ്സീസ് | 01.04.2018 മുതൽ 21.11.2018 വരെ |
| | ശ്രീ ഗോപാലകൃഷ്ണപിള്ള കെ. | 22.11.2018 മുതൽ 31.03.2019 വരെ |
| അസി. എൻജിനിയർ | ശ്രീ. സൈജു റ്റി. | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീ. പ്രമോദ് ഗോപൻ എം. ജി. | 18.07.2018 മുതൽ 10.10.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ. അബ്ദുൾ സമദ് പി. എസ്. | 11.10.2018 മുതൽ 02.11.2018 വരെ |
| | ശ്രീ. രാജേഷ് രാജൻ | 03.11.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആര്യാംബ റ്റി. ജി. | 01.04.2018 മുതൽ 07.07.2018 വരെ |
| | ശ്രീ. ബെന്നി വർഗീസ് | 08.07.2018 മുതൽ 18.09.2018 വരെ |
| | ശ്രീമതി അശ്വതി റ്റി. എസ്. | 19.09.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. എസ്. കാളീശ്വരൻ | 01.04.2018 മുതൽ 30.04.2018 വരെ |
| | ശ്രീമതി. ഗ്ലാഡി എം. വെമ്പള്ളി | 01.05.2018 മുതൽ 23.09.2018 വരെ |
| | ശ്രീ. ആനന്ദ് ആർ. കൃഷ്ണൻ | 24.09.2018 മുതൽ 03.03.2019 വരെ |
| | ശ്രീ. ബി. ഗണേശൻ | 04.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. സബീന സി. പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഐ.എസ്.എം) | ഡോ. മിനി സി. ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. റോഷൻ സെബാസ്റ്റ്യൻ | 01.04.2018 മുതൽ 06.10.2018 വെരെ |
| | ശ്രീ. സാബു സെൽവാനോസ് | 07.10.2018 മുതൽ 31.03.2019 വരെ |
| ഐസിഡിഎസ്. സൂപ്പർവൈസർ | ശ്രീമതി. കെ. കെ. രാധാമണി | 01.04.2018 മുതൽ 12.07.2018വരെ |
| | ശ്രീമതി. ആൻസി മറിയം പോൾ | 13.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. രാധാ ജയലക്ഷ്മി | 01.04.2018 മുതൽ 26.06.2018 വരെ |
| | ശ്രീമതി. റെജീന റാണി ഐ. | 27.06.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 2-1 | ബസ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയക്ക് നൽകുന്നില്ല – വരുമാനം നഷ്ടമാകുന്നു |
| 14 | 2-2 | വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെ വസ്തുനികുതി, വാടക എന്നിവ ഡിമാന്റിൽ കുറവ് ചെയ്തിരിക്കുന്നു. |
| 15 | 3-1 | സമ്പൂർണ്ണ പച്ചക്കറി തൈ വിതരണം – അപാകതകൾ – സംബന്ധിച്ച് |
| 16 | 3-2 | മതിയായ തുക വകയിരുത്തി പ്രോക്ട് നടപ്പാക്കിയില്ല |
| 17 | 3-3 | മുൻവർഷ തുക ചെലവഴിക്കുന്നതിന് സ്പിൽ ഓവർ പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ല |
| 18 | 3-4 | അസി. എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ 131,നടപ്പാക്കിയവ കേവലം 66 |
| 19 | 3-5 | തൊട്ടിക്കാനം കടിവെള്ള പദ്ധതി- കഴിച്ചെടുത്ത ജി.ഐ പൈപ്പുകളുടെ പുനരുപയോഗ/പഞ്ചായത്തിന് കൈമാറിയ വിവരങ്ങളില്ല |
| 20 | 3-6 | പന്നിയാർ കടിവെള്ള പദ്ധതി- നടപ്പിലാക്കാത്ത പ്രവൃത്തിക്ക് തുക നൽകിയത്- പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല |
| 21 | 3-7 | ചരക്ക്-സേവന നികുതി ഈടാക്കിയിട്ടില്ല |
| 22 | 3-8 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല. |
| 23 | 3-9 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു |
| 24 | 3-10 | ഹരിത കർമസേന-യൂസർ ഫീ പിരിവ് പഞ്ചായത്തു കണക്കുകളിൽ പ്രതിഫലിക്കുന്നില്ല |
| 25 | 3-11 | സ്കൂളുകൾക്ക് വാങ്ങിയ ഫാനുകൾ ഘടിപ്പിക്കാൻ നടപടികളായില്ല |
| 26 | 3-12 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി -മുൻകൂർ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 27 | 3-13 | LIFE-പദ്ധതി നിർവഹണത്തിൽ പുരോഗതിയില്ല- പൂർത്തിയായത് കേവലം 3 വീടുകൾ |
| 28 | 3-14 | പി എച്ച് സിക്ക് മരുന്നു വാങ്ങൽ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 29 | 3-15 | അഗതി രഹിത കേരളം പദ്ധതി |
| 30 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 33 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 34 | 4-5 | സ്ഥിര നിക്ഷേപം |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |
| 36 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 37 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 38 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 39 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 40 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | ₹2826855 |

| | |
|---|---|
| പ്രതീക്ഷിത വരവ് | ₹180129000 |
| ആകെ | ₹182955855 |
| പ്രതീക്ഷിത ചെലവ് | ₹182502000 |
| നീക്കിയിരിപ്പ് | ₹453855 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 26.04.2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019 മുതൽ 15.06.2019 വരെ | കെ.എസ്.എ.- ഐ.ഡി.കെ.-3/520(40/2019 തീ. 14.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹14794028 |
| വരവ് | ₹91565133 |
| ആകെ | ₹106359161 |
| ചെലവ് | ₹80664571 |
| നീക്കിയിരിപ്പ് | ₹25694590 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 20745376 | 20745376 | 18458551 | 2288449 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 9620000 | 9620000 | 7226358 | 2393642 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 871000 | 871000 | 320000 | 551000 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 12027000 | 12027000 | 3923622 | 8103378 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | | 0 | 4079000 | 4079000 | 2323485 | 1755515 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 11780793 | 11780793 | 6881420 | 4899373 |
| സാക്ഷരത | | 679 | 28 | 707 | - | 707 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 26645403 | 26645403 | 26645403 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 831 | 669136 | 669967 | 666175 | 3792 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| ഐ.സി.ഡി.എസ്. | | 437686 | 501500 | 939186 | 830000 | 109186 |
| എസ്.എസ്.എ | | 387785 | 16025244 | 16413029 | 15998370 | 414659 |
| കുടിവെള്ളം | | 1850000 | - | 1850000 | - | 1850000 |
| ടി.എസ്.സി. | | 202400 | 1899488 | 2101888 | 798054 | 1303834 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| ശുചിത്വ മിഷൻ | | 35750 | - | 35750 | - | 35750 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 64575 | 6200000 | 6264575 | 5235083 | 1029492 |
| | ജില്ലാപഞ്ചായത്ത് | 0 | 304491 | 304491 | 244491 | 60000 |
| ബി-ഫണ്ട് | | 0 | 23835640 | 23835640 | 23835640 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 6852351 | 6852351 | 6852351 | 0 |
| തനത് ഫണ്ട് | ബാങ്ക് | 13419534 | 13236378 | 26655912 | 10265246 | 16390666 |
| | ട്രഷറി-റ്റി.എസ്.ബി. | 625129 | 23410977 | 24036106 | 15750828 | 8285278 |
| മറ്റിനം | | 37500 | - | 37500 | 37500 | - |

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണ ഘട്ടം | തീയതികൾ |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 05.02.2018 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 15.02.2018, 19.2.2018, 20.02.2018, 21.02.2018, 22.02.2018 |
| വികസനസെമിനാർ | 13.03.2018 |
| ഭരണ/ സാമ്പത്തികാനുമതി | ഭരണസമിതിയുടെ 31.03.2018-ലെ 1നമ്പർ തീരുമാനം (അന്തിമ പദ്ധതി) |

| | |
|---|---|
| നമ്പർ | |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 370/18/ഡിപിസി/ഡിപിഒ/ഐഡികെ/തീയതി.01.03.2019 (ഭേദഗതിയുൾപ്പടെയുള്ള അന്തിമപദ്ധതി) |

പ്ലാൻ കോ-ഓർഡിനേറ്റർ : ശ്രീ. ബാബു സുരേഷ് എ. വി.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|
| പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| 164 | 44 | 208 | 95 | 34 | 129 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 62

| | | |
|---|---|---|
| ആകെ | 198396640 | 62909496 |
| ആകെ ചെലവ് ശതമാനം | 31.7 | |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 2961016 | 2519724 |
| വെറ്ററിനറി സർജൻ | 06 | 06 | 2277000 | 1609352 |
| മെഡിക്കൽ ഓഫീസർ(CHC) | 08 | 08 | 1794200 | 1683614 |
| മെഡിക്കൽ ഓഫീസർ (ISM) | 02 | 02 | 350000 | 350000 |
| വി.ഇ.ഒ. | 09 | 07 | 80237253 | 13226829 |
| ICDS സൂപ്പർവൈസർ | 09 | 07 | 4038515 | 3548686 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 21 | 16 | 9226772 | 7918086 |
| അസി. എൻജിനിയർ | 131 | 66 | 47136884 | 17452805 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് | 02 | 02 | 100000 | 85420 |
| അസി. സെക്രട്ടറി | 09 | 05 | 50275000 | 14514980 |
| ആകെ | 208 | 129 | 198396640 | 62909496 |

## *പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ വിവിധ സമിതികളുടെ പങ്കാളിത്തം*

### 1) വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വിവിധ മേഖലകളിലേക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിച്ചതായും അവ ചർച്ച ചെയ്ത് കരട് പദ്ധതിക്ക് രൂപം നൽകിയതായും മിനിട്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. എന്നാൽ പദ്ധതി നിർവഹണവേളയിലെ അനിവാര്യ ഇടപെടലുകളും പുരോഗതി വിലയിരുത്തലുകളും നടത്തിയതായ രേഖയില്ല.

### 2) ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ

ഗ്രാമസഭകളിലും ഊരുകൂട്ടങ്ങളിലും ജനങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നതായി മിനിട്സ്ബുക്കിലെ ഹാജർ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. പദ്ധതി ആസൂത്രണ, ഗുണഭോക്തൃ തെരഞ്ഞെടുപ്പുയോഗങ്ങളുടെ തീരുമാനങ്ങൾ വിശദമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

### 3) വികസന സെമിനാർ

വികസന സെമിനാർ സംഘാടനത്തിന്റെ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### 4) സ്റ്റാന്റിംഗ് കമ്മിറ്റികൾ

**വികസന സ്റ്റാന്റിംഗ് കമ്മിറ്റി** തൻവർഷം 17 യോഗങ്ങൾ ചേർന്നിട്ടുണ്ട്.ഈ യോഗങ്ങളിൽ പദ്ധതി ആസൂത്രണം ,ഭേദഗതി, പദ്ധതി ശുപാർശകൾ എന്നീ വിഷയങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കിയതായി കാണുന്നു. എന്നാൽ പദ്ധതി നിർവഹണത്തിലെ പുരോഗതി, കാര്യക്ഷമത എന്നിവ വിലയിരുത്തിയതായി കാണുന്നില്ല.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** 13 തവണയാണ് തൻവർഷം സമ്മേളിച്ചത്. മുൻമാസങ്ങളിലെ ചെലവു വൌച്ചർ പാസ്സാക്കൽ, നികുതി പിരിവ് പുരോഗതി വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങളിൽ മാത്രമാണ് ചർച്ചകൾ നടന്നിട്ടുള്ളത്.

**ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** 14 യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പെൻഷൻ അപേക്ഷ തീർപ്പാക്കൽ എന്ന ഏക അജണ്ടമാത്രമാണ് ഭൂരിപക്ഷം യോഗങ്ങളിലും ചർച്ചയായത്.

**ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി** 13 യോഗങ്ങളാണ് തൻവർഷം ചേർന്നത്. രോഗപ്രതിരോധം , സ്കൂളുകളുടെ പൊതു സ്ഥിതിതുടങ്ങിയ വിഷയങ്ങളിലാണ് കൂടുതൽ ചർച്ചകളുണ്ടായത്.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ മാത്രമാണ് വാർഷിക പദ്ധതിക്ക് അനുഗുണമായ പ്രവർത്തനങ്ങൾ നടന്നതെന്ന് മേൽ പ്രസ്താവിച്ച വസ്തുതകളിൽനിന്ന് വ്യക്തമാണ്. ഇതര കമ്മിറ്റികളുടെ ക്രിയാത്മക ഇടപെടലുകൾ ഉണ്ടാകുന്നതിനായി വിഷയം അവരുടെ സവിശേഷശ്രദ്ധയിൽപ്പെടുത്തുന്നു.

## 5) ഭരണസമിതി

വിവിധ തലങ്ങളിൽ നടത്തിയ വിശകലങ്ങളിലൂടെയും ചർച്ചകളിലൂടെയും രൂപം നൽകിയ അന്തിമ പദ്ധതിയ്ക്ക് സമിതി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി. നിർവഹണത്തിലെ പുരോഗതി വിവിധ യോഗങ്ങളിൽ വിലയിരുത്തുകയും ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 24 യോഗങ്ങളാണ് ഇതിനായി ചേർന്നിട്ടുള്ളത്.

## 6) പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.11.2010-ലെ ജി.ഒ(പി) 259/2010 നമ്പർ ഉത്തരവിലെ നിർദേശപ്രകാരം പ്രൊക്യർമെന്റ് കമ്മിറ്റി രൂപീകരിച്ച് വാങ്ങൽ പ്രക്രിയകളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 6 യോഗങ്ങളാണ് ഇതിനായി ചേർന്നത്. എന്നാൽ ചില വാങ്ങലുകളിൽ വേണ്ടത്ര ജാഗ്രത പുലർത്താതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതിന്റെ ഉദാഹരണങ്ങൾ ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുണ്ട്.

## 7. വാർഷിക പദ്ധതി നിർവഹണം

ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും തമിഴ് നാട്ടിൽനിന്ന് കുടിയേറിയ തൊഴിലാളികളും സാമൂഹ്യവും സാമ്പത്തികവുമായി ഏറെ പിന്നിൽ നിൽക്കുന്ന പട്ടിക ജാതി, പട്ടികവർഗ ജനവിഭാഗങ്ങളുമാണെങ്കിലും അവരുടെ സർവ്വതോന്മുഖമായ വികസനം സാർത്ഥമാക്കുന്ന സമഗ്രമായ ഒരു വികസനപരിപ്രേക്ഷ്യം തയ്യാറാക്കുവാൻ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിലും 13-ാം പദ്ധതിയുടെ രണ്ടാം വർഷവും ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

ഓഡിറ്റ് വർഷങ്ങളിലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്.
- ആകെ ആസൂത്രണം ചെയ്ത 208 പ്രോജക്ടുകളിൽ 129 എണ്ണം മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്. തൻമൂലം ചെലവു ശതമാനം ആകെ പദ്ധതി അടങ്കലിന്റെ കേവലം31% മാത്രമായി പരിമിതപ്പെട്ടു. സർക്കാർ ഗ്രാന്റ് വിനിയോഗ ശതമാനത്തിലും പഞ്ചായത്ത് ഏറെ പിറകിലായി.
- അടിസ്ഥാന പശ്ചാത്തല സൌകര്യങ്ങളിൽ ഏറെ പരിമിതിയുണ്ടെങ്കിലും ഈ മേഖലയിൽ ആസൂത്രണം ചെയ്ത 131 പ്രോജക്ടുകളിൽ പാതിയും നടപ്പാക്കിയില്ല.
- ഏലം,കുരുമുളക്, പച്ചക്കറി, പഴങ്ങൾ എന്നിവയുടെ വികസനത്തിന്ആവിഷ്ക്കരിച്ച പ്രോജക്ടുകൾ കാർഷികമേഖലയ്ക്ക് കരുത്തായി.
- പച്ചക്കറിത്തൈ വിതരണ പ്രോജക്ടിലെ കരാറിൽനിന്ന് ഏകപക്ഷീയമായി പിൻവാങ്ങിയ വ്യക്തിക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതുമൂലം പഞ്ചായത്തിന് അധികം തുക ചെലവഴിക്കേണ്ടി വന്നു.
- മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ പ്രവർത്തനത്തിലൂടെ ആട്ടു വിതരണം, പാലിനു സബ്സിഡി, മുട്ടക്കോഴി വിതരണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി. പാലിനു സബ്സിഡി എന്ന പ്രോജക്ടിനു മതിയായ തുക വകയിരുത്താതിരുന്നതു മൂലം തുച്ഛമായ തുകയാണ് പല ക്ഷീരകർഷകർക്കും ലഭിച്ചത്. ടി പ്രോജക്ടിനുവേണ്ടി മുൻവർഷം ലഭിച്ച ബ്ലോക്ക് വിഹിതം തൻവർഷമാണ് വിതരണം ചെയ്തതെങ്കിലും സ്പിൽ ഓവറായി പ്രോജക്ട് ആവിഷ്ക്കരിക്കാതിരുന്നതുമൂലം ചെലവ് പദ്ധതിക്കണക്കിൽ ഉൾപ്പെട്ടതുമില്ല.

- പി.എച്ച്.സി. മെഡിക്കൽ ഓഫീസർ മുഖേന നടത്തിയ മരുന്നു വാങ്ങൽ പ്രോജക്ടുകളിൽ തുക കൈപ്പറ്റിയ വിതരണ ഏജൻസി ഇനിയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.
- ഭവന നിർമാണ മേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകളിലൂടെ അനേകം ഗുണഭോക്താക്കൾക്ക് അവരുടെ മുടങ്ങിക്കിടന്ന ഭവനനിർമാണം പുനരാരംഭിക്കുവാനും ഭവനനവീകരണം നടത്തുവാനും അവസരമൊരുങ്ങി. എന്നാൽ ഭവന നിർമാണത്തിന് ധനസഹായം കൈപ്പറ്റിയ 139 ഗുണഭോക്താക്കളിൽ 136പേരും അത് പൂർത്തീകരിച്ചിട്ടില്ലായെന്നത് മോണിട്ടറിംഗ് സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്.
- പഠനമുറി നിർമാണത്തിന് ആകെ രണ്ടു പേർക്കാണ് ധനസഹായം നൽകിയതെങ്കിലും അവർ രണ്ടുപേരും അത് പൂർത്തീകരിച്ചില്ല.
- സ്കൂളുകളുടെ അടിസ്ഥാനസൌകര്യ വികസനത്തിനായി വാങ്ങിയ ഫാനുകൾ ഇപ്പോഴും ഘടിപ്പിച്ചിട്ടില്ലായെന്നത് പദ്ധതി നിർവഹണത്തിലെ പോരായ്മയായി.
- ആശ്രയ പദ്ധതിക്ക് ഫണ്ട് വകമാറ്റിയെങ്കിലും പദ്ധതി പ്രവർത്തനത്തിൽ പുരോഗതിയില്ല.
- ഗതാഗത സൌകര്യം ഏറെ പരിമിതമാണെങ്കിലും പുനരുദ്ധരിച്ചത് കേവലം 19 റോഡുകൾ.
- 25 കുടിവെള്ളപദ്ധതികളുടെ നവീകരണം നടത്തി.
- തൊട്ടിക്കാനം കുടിവെള്ളപദ്ധതിയുടെ ഭാഗമായി കുഴിച്ചെടുത്ത 300 മീറ്റർ ജി.ഐ പൈപ്പുകളുടെ പുനരുപയോഗ/സ്റ്റോക്ക്/ലേല വിവരങ്ങളില്ല.
- പന്നിയാർ കുടിവെള്ളപദ്ധതിക്കായി 1400 മീറ്റർ നീളത്തിൽ 80mm പൈപ്പുകൾ സ്ഥാപിച്ച ചെലവു ജലലഭ്യത ഉറപ്പാക്കാതിരുന്നതിനാൽ പാഴ്ച്ചെലവായി പരിണമിച്ചു.
- സൃഷ്ടിച്ച ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണയം എന്നിവ പൂർത്തിയായിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 831 | 669136 | 669967 | 666175 | 3792 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26645403 | 26645403 | 26645403 | 0 |
| ആകെ | 831 | 27314539 | 27315370 | 27311578 | 3792 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13440 | 7 |
| കർഷക തൊഴിലാളി പെൻഷൻ | 46800 | 3 |
| വിധവാ പെൻഷൻ | 8625900 | 724 |
| വാർദ്ധക്യകാല പെൻഷൻ | 13006300 | 1062 |
| വികലാംഗ പെൻഷൻ | 1997400 | 161 |
| അവിവാഹിത പെൻഷൻ | 48800 | 4 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2019ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1180.00 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

പ്രവർത്തന മികവിന് ISO സാക്ഷ്യപത്രം ലഭിക്കുകയും അത് തൻവർഷം പുതുക്കുകയും ചെയ്ത ഗ്രാമപഞ്ചായത്താണ് ശാന്തൻപാറ. പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകുന്നു.
- കണക്കുകളും രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ പ്രത്യേക നിഷ്കർഷ പുലർത്തിയിട്ടുണ്ട്.
- ഭരണ സുതാര്യത ഉറപ്പാക്കുന്നതിന് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്ററർ എന്നിവ സൂക്ഷിക്കുന്നു.
- ജീവനക്കാരിൽ ഭൂരിപക്ഷവും 2018 കലണ്ടർ വർഷം തങ്ങൾക്ക് അനുവദനീയമായ 20 ആകസ്മികാവധിയിൽ പകുതിയിലേറെയും ഉപേക്ഷിച്ച് ജോലിക്ക് ഹാജരായ വസ്തുത ഏറെ ശ്ലാഘനീയമാണ്.
- സാമ്പത്തിക അച്ചടക്കം പാലിച്ച് ചെലവുകൾ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്.
- ഫ്രണ്ട് ഓഫീസിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ ചുമതല കൈമാറ്റത്തിൽ ഗൌരവമേറിയ പാളിച്ച കാണുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റതാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.04.2014-ലെ 48544/എബി1/2013 നമ്പർ സർക്കുലർ പ്രകാരം സർക്കാർപുറപ്പെടുവിച്ച നിർദ്ദേശങ്ങൾ യഥാവിധി പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ ചുമതലയൊഴിയുന്ന വേളയിലും അടുത്തയാൾ ചുമതലയേൽക്കുന്ന വേളയിലും ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ പേരു പരാമർശിച്ചിരുന്ന വ്യക്തികളായിരുന്നില്ല പരിശോധനാവേളയിൽ കൌണ്ടറിൽ ഹാജരുണ്ടായിരുന്നത്. ഇത്തരം സാഹചര്യങ്ങൾ ക്രമക്കേടുകൾക്ക് വഴി വെയ്ക്കുന്നതിന്റെ ഉദാഹരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ പുറപ്പെടുവിക്കപ്പെട്ട സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നതിന്റെ പ്രത്യാഘാതം വിലയിരുത്തേണ്ടതും പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.5.2019 | 4/2019 | 22.05.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.03.2019– 23.03.2019 | 2013-14 മുതൽ 2017-18 വരെ | 27.04.2019 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1. | വസ്തുനികുതിയിനത്തിൽ Prior Period Item (I-18) ₹21,22,718/- പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എഴുതി തള്ളിയിരിക്കുന്നു. |
| 2. | പിരിഞ്ഞ് കിട്ടുവാനുള്ള തുകകൾക്ക് പ്രോവിഷൻ ഏർപ്പെടുത്തിയിട്ടില്ല. |
| 3. | ആസ്തി രജിസ്റ്റർ എഴുതി പൂർത്തികരിക്കാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രിസിയേഷൻ എന്നീ കണക്കുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല |
| 4. | വസ്തുനികുതി-സഞ്ചയ-സാംഖ്യ തമ്മിൽ ₹157/-യുടെ വ്യത്യാസമുണ്ട്. |
| 5. | ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് തുക ₹6881420/-യാണെങ്കിലും |

| |
|---|
| സൂലേഖയിൽ ക്രോഡീകരിച്ച പദ്ധതി കണക്കുകൾ പ്രകാരം ₹6786452/-യാണ്. |

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബസ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയക്ക് നൽകുന്നില്ല – വരുമാനം നഷ്ടമാകുന്നു

(1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ശാന്തൻപാറയിലുള്ള ബസ്റ്റാന്റ് നാളിതുവരെയായി ലേലത്തിൽ നൽകിയിട്ടില്ല. നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ബസ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ നൽകാൻ സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു.

26.12.2018ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം ജില്ലാ റീജിണൽ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ (RTA) നിന്നും അനുമതി വാങ്ങി ബസ്റ്റാന്റ് പ്രവർത്തനം ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചെങ്കിലും നാളിതുവരെയായും അനുമതി ലഭിച്ചിട്ടില്ല. RTA-യിൽ നിന്നും അനുമതി ലഭ്യമാക്കി ബസ്റ്റാന്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(2) പൂപ്പാറയിലുള്ള ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട് മുറികൾ നാളിതുവരെ വാടകയ്ക്ക് നൽകിയിട്ടില്ല. മുറികൾ വാടകയ്ക്ക് നൽകുന്നതിന് മൂന്ന് തവണ ലേലം നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. ഉയർന്ന നിരക്കിലുള്ള വാടക നിശ്ചയിച്ചിരിക്കുന്നതിനാലാണ് ആരും ലേലത്തിൽ പങ്കെടുക്കാത്തതെന്ന് സെക്രട്ടറി വ്യക്തമാക്കി. ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തോടെ പി.ഡബ്ല്യൂ.ഡി. മുഖേന വാടക പുനർ നിശ്ചയിച്ച് ലേലത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെ വസ്തുനികുതി, വാടക എന്നിവ ഡിമാന്റിൽ കുറവ് ചെയ്തു

2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ ₹2122718/- ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം പരമാവധി ₹1000/- മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഒഴിവാക്കുന്നതിന് അനുമതിയുള്ളത് എന്നിരിക്കെയാണ് ഭീമമായ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത്.

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 05.04.2019ലെ 3(1) നമ്പർ തീരുമാനപ്രകാരമാണ് വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയതെന്ന് സ്ഥാപന മേധാവി വ്യക്തമാക്കി. വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയതിന് ആധാരമായ രേഖകൾ ലഭ്യമാക്കാത്ത പക്ഷം ഡിമാന്റിൽ കുറവ് വരുത്തിയ ₹2122718/- സെക്രട്ടറി, അക്കൗണ്ടന്റ്, ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ എന്നിവർക്ക് തുല്യ ബാധ്യത നിശ്ചയിക്കുന്നതാണ്. കൂടാതെ വാടകയിനത്തിൽ ഡിമാന്റിൽ കുറവ് വരുത്തിയ ₹380733/- ന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്. എഴുതിത്തള്ളിയ തുകയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി സാമ്പത്തിക ബാധ്യതയിൽ നിന്ന് ഒഴിവാകേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സമ്പൂർണ്ണ പച്ചക്കറി തൈവിതരണം-കരാറിൽനിന്ന് പിൻവാങ്ങിയ വിതരണക്കാരനെതിരെ നടപടികൾ സ്വീകരിച്ചില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ സമ്പൂർണ്ണ പച്ചക്കറിത്തൈ വിതരണം (09/19) പ്രൊജക്റ്റിനുവേണ്ടി ക്ഷണിച്ച ടെണ്ടറിൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ പങ്കെടുത്തു.

| ടെണ്ടറിൽ പങ്കെടുത്ത ആൾ/ സ്ഥാപനം | തൈ ഒന്നിന് ക്വോട്ടു ചെയ്ത നിരക്ക് (₹) |
|---|---|
| സി.ആർ. നഴ്സറി, വാഴവര | 1.65 |
| ഹരിതശ്രീ ഓർഗാനിക് നഴ്സറി, വലിയതോവാള | 1.14 |
| | |

| | |
|---|---|
| പുരുഷോത്തമൻ എം.കെ.<br>നെടുങ്കണ്ടം ബ്ലോക്ക് ഫെഡറേറ്റഡ് നഴ്സറി | 0.74 |

കുറഞ്ഞ തുക ക്വോട്ടു ചെയ്ത ശ്രീ. പുരുഷോത്തമൻ എം. കെ, നെടുങ്കണ്ടം ബ്ലോക്ക് ഫെഡറേറ്റഡ് നഴ്സറി എന്നയാളുടെ നിരക്ക് അംഗീകരിച്ചെങ്കിലും (L1), നിശ്ചിത സമയപരിധിക്കുള്ളിൽ വിതരണം ചെയ്യുന്നതിന് സാധിക്കില്ല എന്ന കാരണം വ്യക്തമാക്കിക്കൊണ്ട് ടെണ്ടറിൽ നിന്നും ഏകപക്ഷീയമായി പിൻമാറിയതിനാൽ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹരിതശ്രീ ഓർഗാനിക് നഴ്സറി, വലിയതോവാള എന്ന സ്ഥാപനത്തിന് (L2) വിതരണാനുമതി നൽകി. L1, L2 എന്നിവർ ക്വോട്ട് ചെയ്ത നിരക്കുകൾ തമ്മിലുള്ള അന്തരം വളരെ വലുതാണെങ്കിലും കൂടിയാലോചനകളൊന്നും നടത്താതെ L2 സമർപ്പിച്ച നിരക്ക് അംഗീകരിച്ച ഭരണസമിതി തീരുമാനം (10.12.2018-ലെ 3/(1) നമ്പർ തീരുമാനം) (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 07.12.2018-ലെ തീരുമാനം) ക്രമപ്രകാരമുള്ളതല്ല. കൂടാതെ ടെൻഡർ നിബന്ധന തെറ്റിച്ച L1-നെതിരെ ശിക്ഷാനടപടികളെന്തെങ്കിലും സ്വീകരിച്ചതായി രേഖയില്ല. ടിയാൻ ഹാജരാക്കിയ നിരതദ്രവ്യം കണ്ടുകെട്ടി, സ്ഥാപനത്തെ കരിമ്പട്ടികയിൽപ്പെടുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.1) മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-2 മതിയായ തുക വകയിരുത്തി പ്രോജക്ട് നടപ്പാക്കിയില്ല

വെറ്റി. സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ടിന് വേണ്ടി (പ്രോജക്ട് നമ്പർ 69/19) ചുവടെ ചേർത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഫണ്ട് | വകയിരുത്തിയത് ₹ | ചെലവഴിച്ചത് ₹ | ബിൽ/തീയതി |
|---|---|---|---|
| വികസനഫണ്ട് | 100000 | 99053 | 14/18-19/25.03.2019 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 300000 | 292999 | ചെക്ക് ന.1472118/22.03.2019 |
| | | 71575 | ചെക്ക് നം.199042/26-03-2019 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 300000 | 00 | -- |
| ആകെ | 700000/- | 463627/- | |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 180 ഗുണഭോക്താക്കൾക്ക് പാലളവിനെ അടിസ്ഥാനമാക്കി കേവലം അഞ്ച് മാസങ്ങളിലെ ഉല്പാദനത്തിനനുസരിച്ചുള്ള ബോണസ് മാത്രമാണ് നൽകിയത്. പല കർഷകർക്കും തുച്ഛമായ തുക മാത്രമാണ് സബ്സിഡിയിനത്തിൽ ലഭിച്ചത്. ക്ഷീരകർഷകർക്ക് പ്രചോദനമാകുന്ന രീതിയിൽ മതിയായ ഫണ്ട് വകയിരുത്തി പ്രോജക്ട് നടപ്പാക്കുന്നതിന് പകരം നാമമാത്രമായ തുക അടങ്കൽ നിശ്ചയിച്ച നടപടി അംഗീകരിക്കാവുന്നതല്ല. സംയുക്ത പ്രൊജക്ടുകൾക്ക് വകയിരുത്തുന്ന തുക പങ്കാളികളായ സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി ലഭ്യമാക്കേണ്ടതും അതുവഴി പദ്ധതി യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 മുൻവർഷ തുക ചെലവഴിക്കുന്നതിന് സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതിക്കുവേണ്ടി 2017-18 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാതിരുന്ന ₹64575/- 2018-19 വർഷം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയോടൊപ്പം തൻ വർഷം ലഭിച്ച തുകയിൽ നിന്നും ₹7000/-യും ചേർത്ത് ₹71575/-യാണ് (ചെക്ക് നം.199042/26-03-2019) ചെലവഴിക്കപ്പെട്ടത്. മുൻവർഷം ലഭിച്ച ഗ്രാന്റ് തൻവർഷം വിനിയോഗിച്ച വേളയിൽ പ്രത്യേക പ്രോജക്ട് തയ്യാറാക്കാതിരുന്നതിനാൽ ടി ചെലവ് വാർഷിക പദ്ധതി കണക്കുകളിൽ ഉൾപ്പെട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗനിർദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 അസി. എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ 131,നടപ്പാക്കിയവ കേവലം 66

അസി. എൻജിനീയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 131 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും (വകയിരുത്തിയ തുക ₹4,71,36,884) അവയ്ക്ക് വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 36 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. എന്നാൽ 66 പ്രോജക്ടുകളാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത് (ചെലവ് തുക ₹1,74,52,805) വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, എന്നാൽ സാങ്കേതികവിഭാഗം ജീവനക്കാരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണത്തിന്റെ ആത്യന്തികമായ നഷ്ടം പേറേണ്ടി

വരുന്നത് പശ്ചാത്തല സൗകര്യത്തിന്റെ അഭാവംമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾ തന്നെയാണ്.

അനുദിനം കമ്പോളത്തിൽ നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതുമൂലം പ്രോജക്ടുകൾ തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കാനിടയുണ്ട്. അതാത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. പഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമസാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തൊട്ടിക്കാനം കുടിവെള്ള പദ്ധതി- കുഴിച്ചെടുത്ത ജി.ഐ പൈപ്പുകളുടെ പുനരുപയോഗ/പഞ്ചായത്തിന് കൈമാറിയ വിവരങ്ങളില്ല

| | |
|---|---|
| പദ്ധതി | തൊട്ടിക്കാനം കുടിവെള്ള പദ്ധതി മെയിന്റനൻസ് |
| പദ്ധതി-നമ്പർ | 132/17-18 (S.O) |
| ബിൽ നം-തുക-തീയതി | 6/18-19,തീ.13.07.2018 ₹418678/- |
| കോൺട്രാക്ടർ | ശ്രീ. സാജു റ്റി. എസ്. |
| അടങ്കൽ തുക ₹ | ₹500000/- |
| എം.ബുക്ക് നംമ്പർ | 466/17-18 |
| കരാർ നമ്പർ | 64/AE/LSGD/SP/17-18 |

നിലവിലുണ്ടായിരുന്ന ജി.ഐ പൈപ്പുകൾ ഭാഗികമായി തകർന്നതിനാലും,പൈപ്പുകൾ ചെറുതായതിനാലും കുടിവെള്ള പദ്ധതി മെയിന്റനൻസിൽ ഉൾപ്പെടുത്തി താഴെ പറയുന്ന ജി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്.

| | |
|---|---|
| 50-mm | 367m |
| 40-mm | 240m |
| 32-mm | 136m |
| 20-mm | 275m |
| 15-mm | 18m |
| 15 nos | taps |
| 2nos | valve |

300 മീറ്റർ നീളത്തിലുള്ള ജിഐ പൈപ്പ് ശൃംഖല (40mm മുതൽ 15mm വരെ വലിപ്പത്തിലുള്ളവ), ടാപ്പുകൾ എന്നിവ പ്രോജക്ടിന്റെ ഭാഗമായി പൊളിച്ചു നീക്കിയിരുന്നു ( ഇനം 1). ₹30,000/- പ്രസ്തുത ഇനത്തിനു വേണ്ടി ചെലവഴിക്കേണ്ടി വന്നു. എന്നാൽ കുഴിച്ചെടുത്ത പൈപ്പുകൾ പുനരുപയോഗിക്കുകയോ റിപ്പോർട്ട് തയ്യാറാക്കി മൂല്യനിർണയം നടത്തി പഞ്ചായത്തിന് കൈമാറുകയോ ചെയ്തിട്ടില്ല. കുഴിച്ചെടുത്ത പൈപ്പുകളുടെ വിവരങ്ങൾ എം.ബുക്കിൽ ഉൾപ്പെടുത്തുകയോ, ആയതിന്റെ വില കരാറുകാരനിൽനിന്ന് ഈടാക്കുകയോ ചെയ്തിട്ടില്ല. ഈ ഇനത്തിൽ ലഭ്യമാകേണ്ട തുക നിശ്ചയിച്ച് കരാറുകാരനിൽനിന്ന് ഈടാക്കാത്തപക്ഷം ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 പന്നിയാർ കുടിവെള്ള പദ്ധതി- നടപ്പിലാക്കാത്ത പ്രവൃത്തിക്ക് തുക നൽകി-പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

| | |
|---|---|
| പദ്ധതി | പന്നിയാർ കുടിവെള്ള പദ്ധതി (എസ്.സി.പി.) |
| | |

| | |
|---|---|
| പദ്ധതി-നമ്പർ | 137/17-18 (S.O) |
| ബിൽ നം/തുക/തീയതി | 32/17-18, തീ.28.03.2018 ₹846043/-<br>40/18-19, തീ.29.12.2018 ₹354777/- |
| കോൺട്രാക്ടർ | ശ്രീ. ബേസിൽ ഐപ്പ് |
| അടങ്കൽ തുക | ₹15,00,000/- |
| എം.ബുക്ക് നംമ്പർ | 481(A)/17-18 |
| കരാർ നം. | 67/AE/LSGD/SP/17-18, തീ.05.02.2018 |

പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പന്നിയാർ പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് തോണ്ടിമല ചെക്ക് ഡാമിൽ നിന്നും G.I പൈപ്പുകൾ സ്ഥാപിച്ച് ജലം എത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി 2017-18 വർഷം ₹846043/-ഉം 2018-19 വർഷം ₹354777/-ഉം ആകെ ₹1200820/- ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ ചുമതലയുള്ള അസി. എൻജിനിയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രദേശം നേരിൽ പരിശോധിച്ചതിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. ഇതേ പ്രദേശത്ത് ജലമെത്തിക്കാൻ ഒരു പദ്ധതി നിലവിലുണ്ടായിരുന്നു.

2. എസ്റ്റിമേറ്റിൽ പരാമർശിക്കുന്നതും അളവ് ബുക്ക് പ്രകാരം നടത്തിയതായി കാണിച്ച് തുക നൽകിയിരിക്കുന്നതുമായ താഴെ പറയുന്ന ചെക്ക് ഡാം മെയിന്റനൻസ് പ്രവൃത്തികൾ യഥാർത്ഥത്തിൽ നടപ്പാക്കിയിട്ടില്ല.

| എം. ബുക്ക് ഇനം നം. | ഇനം | അളവ് ബുക്ക് പ്രകാരം നടത്തിയ പ്രവൃത്തി | നിരക്ക് | തുക ₹ |
|---|---|---|---|---|
| 3 പേജ് 7, 16 | Providing and laying in position cement concrete of specified grade excluding the lost of centering and shuttering | 4.14m3 | 8500/m3 | 35190 |
| 4 പേജ് 7 | Centering and shuttering including strutting etc., and remove of form work etc., complete | 13.8m2 | 650/m2 | 8970 |
| 5 പേജ് 8 | Steel reinforcement for RCC work including streighterning and cutting bending, planing in position and binding all complete up to plinth level TMT bais. | 115.45m | 80/m | 9236 |
| ആകെ | | | | 53396 |

3. എം. ബുക്കിൽ ഇനം നം.E1(പേജ്-18) ആയി 1460m നീളത്തിൽ 80mm GI പൈപ്പ് സ്ഥാപിച്ചിട്ടുണ്ട് (1460 m@663.93=969823.79). എന്നാൽ പ്രസ്തുത GI പൈപ്പ് ചെക്ക് ഡാമിൽ ബന്ധിപ്പിക്കുകയോ,കുടിവെള്ളം വിതരണത്തിന് ഉപകരിക്കുകയോ ചെയ്യുന്നില്ല. ക്രമ നമ്പർ (1)-ൽ പരാമർശിച്ചിരിക്കുന്നതും (എസ്റ്റിമേറ്റ് റിപ്പോർട്ടിലും പരാമർശിക്കുന്നു). വർഷങ്ങളായി കുടിവെള്ള വിതരണം നടത്തുന്നതുമായ പ്രോജക്റ്റിന്റെ ഭാഗമായ 6 ഇഞ്ച് വലിപ്പമുള്ള മെയിൻ പൈപ്പിലൂടെ തന്നെയാണ് നിലവിലും കുടിവെള്ളം വിതരണം നടത്തുന്നത്. പദ്ധതിയ്ക്കായി സ്ഥാപിച്ച 80mm പൈപ്പ് ഉപയോഗരഹിതമായി വെറുതെ ഇട്ടിരിക്കുകയാണ്.

4. ഇനം നം E2 ആയി (അളവ് ബുക്ക് പേജ് 19) 270 m നീളത്തിൽ സ്ഥാപിച്ച 65mm പൈപ്പ് നിലവിലുള്ള പദ്ധതിയുടെ മെയിൻ ലൈൻ പൈപ്പുമായി ബന്ധിപ്പിച്ചാണ് നവീകരണം പൂർത്തീകരിച്ചത്. ഈ പൈപ്പിലൂടെ സംഭരിക്കുന്ന വെള്ളം നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ ഒരു ടാങ്കിന്റെ

സഹായത്താൽ സാധിക്കുമെന്നിരിക്കെ ഏറെ അകലെയുള്ള HML പന്നിയാർ എസ്റ്റേറ്റ് മാനേജരുടെ ബംഗ്ലാവിലെ ടാങ്കിൽ സംഭരിക്കുകയാണ് ചെയ്യുന്നത്. ഈ വെള്ളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമല്ല.

ഭീമമായ തുക ചെലവഴിച്ച് സ്ഥാപിച്ച 80mm G lപൈപ്പുകൾ യാതൊരു പ്രയോജനവും പ്രദാനം ചെയ്യാതെ ഉപയോഗ ശൂന്യമായി ഇട്ടിരിക്കുന്ന അവസ്ഥയാണ് നേരിട്ടുള്ള പരിശോധനയിൽ കണ്ടെത്തുവാൻ സാധിച്ചത്. സമാന്തരമായി ഉണ്ടായിരുന്ന കുടിവെള്ളപദ്ധതിക്ക് സ്ഥാപിച്ചിരുന്ന പൈപ്പ് ലൈനിൽ ചെറിയതോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തിയതു വഴി കുടിവെള്ള വിതരണം പുന:സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുള്ളതിനാൽ ഇത്രയും ഭീമമായ തുക ചെലവഴിച്ച് 80mm പൈപ്പ് സ്ഥാപിക്കേണ്ട ആവശ്യകത ഉണ്ടായിരുന്നില്ല. പ്രാദേശിക പരിശോധന നടത്തി ആവശ്യകത നിർണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് മേൽ പരാമർശങ്ങളിൽ നിന്ന് വ്യക്തമാണ്. ഘടിപ്പിക്കാതെ ഏലക്കാട്ടിൽ ഉപേക്ഷിച്ച നിലയിലുള്ള പൈപ്പുകൾ മോഷണം പോകാനുള്ള സാധ്യതയും ഏറെയാണ്. ആയതിനാൽ ഇതിനായി ചെലവാക്കിയ തുക ₹11,47,424/- പാഴ്ചെലവായി കാണുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

ചെക്ക് ഡാം മെയിന്റനൻസ് എന്ന നടപ്പിലാക്കാത്ത പ്രവൃത്തിക്കായി പിൻവലിച്ച തുക ₹53,396/- ഓഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു. നഷ്ട തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ചരക്ക്-സേവന നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതി | പൂപ്പാറ എൽ.പി.എസ്. മതിൽ അറ്റകുറ്റപ്പണിയും അനുബന്ധ സൗകര്യങ്ങളും |
| പദ്ധതി-നംമ്പർ | 225/18-19 |
| ബിൽ നം/തുക/ തീയതി | 32/18-19, തീ.24.11.2018 ₹4,67,000 |
| കൺവീനർ | ശ്രീ. എം. ശതീശൻ |
| അടങ്കൽ തുക | ₹500000/- |
| എം.ബുക്ക് നമ്പർ | 31/18-19 |
| കരാർ | 54/AE/LSGD/SP/18, 05.15.4.2018 |

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പൂപ്പാറ എൽ.പി.എസ്. മതിൽ അറ്റകുറ്റപ്പണിയും അനുബന്ധ സൗകര്യങ്ങളും എന്ന പദ്ധതിയ്ക്ക് വേണ്ടി മേൽ സൂചിത ബില്ല് പ്രകാരം ₹467000/- പിൻവലിച്ചിരുന്നു. എന്നാൽ അന്തിമ ബില്ലിൽ നിന്നും ത.സ്വ.ഭ.വകുപ്പിന്റെ 01.11.2017ലെ ജി.ഒ(പി)87/2017 നമ്പർ ഉത്തരവ് പ്രകാരം ഈടാക്കേണ്ടിയിരുന്ന ചരക്ക്-സേവന നികുതി 2% ₹9340/- (SGST 1%,CGST 1%, 467000x2% ) ഈടാക്കിയിട്ടില്ല. നികുതി ബന്ധപ്പെട്ട കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസി.എൻജിനിയറിൽ നിന്നോ നികുതി ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് തദ്ദേശസ്വയം ഭരണവകുപ്പിന്റെ 13.01.2010-ലെ 58608/ ഡി.ബി-2/2009/ത.സ്വ.ഭവ നമ്പർ സർക്കുലറിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടിയിരുന്നു. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമായി. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ആസ്തിരജിസ്റ്ററുകൾ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞിട്ടുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

നോൺ-ബാങ്കിംഗ് ട്രഷറി മുഖേന പദ്ധതി പണമിടപാടുകൾ നടത്തേണ്ടി വരുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് **ആയിരം** രൂപയ്ക്ക് മുകളിലുള്ള വിനിമയങ്ങൾ ഡി.ഡി. മുഖേനയാക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് തുറക്കുവാൻ സർക്കാർ അനുവാദം നൽകിയിരുന്നു.(ധനകാര്യവകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി)/177/2006 നമ്പർ ഉത്തരവ് കാണുക.). സർക്കാർ ധനം പിൻവലിച്ച് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പരമാവധി 30 ദിവസം വരെ മാത്രമാണ് നിലനിർത്താവുന്നത്. ഒരു മാസത്തിനുശേഷം വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പ്രസ്തുത സാമ്പത്തികവർഷം തന്നെ തിരിച്ചടയ്ക്കുന്ന പക്ഷം പിൻവലിച്ച അതേ അക്കൗണ്ടിലേക്കും സാമ്പത്തിക വർഷത്തിനുശേഷമാണെങ്കിൽ സർക്കാരിന്റെ സഞ്ചിത നിധിയിലേക്കും തിരിച്ചടയ്ക്കണമെന്നായിരുന്നു 2015 മാർച്ച് 31 വരെ നിലനിന്ന വ്യവസ്ഥ. ഈ നിബന്ധനയനുസരിച്ച് പ്രസ്തുത അക്കൗണ്ടിൽ ശേഷിക്കാവുന്ന പരമാവധി തുക അക്കൗണ്ട് തുറക്കാൻ ചെലവഴിച്ച ₹500/- മാത്രമാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനിയർ മേൽ പ്രസ്താവിച്ച ആവശ്യത്തിന് ആരംഭിച്ച അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തിയിട്ടുണ്ട്.

| ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| SBI രാജകുമാരി ശാഖ | 67053189576 | 926884 | 31-03-2019 വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം |

മാലിന്യ സംസ്കരണത്തിന് ശുചിത്വമിഷൻ ഫണ്ടിൽ നിന്നുള്ള ₹681657/-ഉം ടി നീക്കിയിരിപ്പിൽ ഉൾപ്പെടുന്നു. സർക്കാർ നിർദ്ദേശമനുസരിച്ച് വ്യക്തികളുടെ അക്കൌണ്ടിലേക്ക് തുകകൾ നേരിട്ട് ക്രെഡിറ്റ് ചെയ്യാവുന്നതിനാൽ ₹681657/- അസി. എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് മാറ്റിയതിന് വിശദീകരണം നൽകേണ്ടതാണ്. നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതും തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഭരണസമിതി തുടർ നടപടികൾ നിരീക്ഷിക്കേണ്ടതാണ്.

## 3-10 ഹരിത കർമസേന-യൂസർ ഫീ പിരിവ് പഞ്ചായത്തു കണക്കുകളിൽ പ്രതിഫലിക്കുന്നില്ല

കേരള സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പൂപ്പാറ, ശാന്തമ്പാറ ടൌണുകളിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പ്ലാന്റിലെത്തിക്കുന്നതിന് ഹരിതകർമസേനയെ ഗ്രാമപഞ്ചായത്ത് നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യം നിർമാർജ്ജനം ചെയ്യുന്നതിന് വ്യാപാരികളിൽനിന്ന് നിശ്ചിത ഫീസ് ഈടാക്കുന്നു. പിരിവ് തുക നിലവിൽ നേരിട്ട് ശാന്തമ്പാറ സർവീസ് സഹകരണ ബാങ്കിൽ കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ ആരംഭിച്ചിട്ടുള്ള 2000006023 നമ്പർ അക്കൌണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യുന്നത്. 03.06.2019ൽ ടി അക്കൌണ്ടിൽ ₹74783/- നീക്കിയിരുപ്പുണ്ട്. ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ തുക സ്വീകരിക്കാത്തതു മൂലം പിരിവു തുകയുടെ ആധികാരികത പരിശോധിക്കാനാവാത്ത അവസ്ഥയാണുള്ളത്. ഒപ്പംതന്നെ, കണക്കുകൾ വാർഷിക ധനകാര്യപത്രികയുടെ ഭാഗമാകാതെ പോകുന്ന സ്ഥിതിയും സംജാതമാകുന്നു. ഗണ്യമായ തുക നീക്കിബാക്കി വരുന്ന ടി അക്കൌണ്ട് വിവരങ്ങൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്ത അവസ്ഥ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിവെയ്ക്കുന്നതാണ്. ആകയാൽ പിരിവു തുകകൾ യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിനും അത് സൂക്ഷിക്കുന്ന അക്കൌണ്ട് സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലേക്ക് മാറ്റുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും പഞ്ചായത്തുഫണ്ടിൽനിന്നാണ് വഹിക്കുന്നത്. ടി അക്കൌണ്ടിൽനിന്ന് നാളിതുവരെ ചെലവുകളൊന്നും നടന്നിട്ടില്ല. പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത വരാതെ, മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ചെലവുകൾ ടി അക്കൌണ്ടിൽനിന്ന് നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സ്കൂളുകൾക്ക് വാങ്ങിയ ഫാനുകൾ ഘടിപ്പിക്കാൻ നടപടികളായില്ല

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി സ്കൂൾ, പൂപ്പാറ |
| പദ്ധതിയുടെ നം, പേര് | 171/2019, സ്കൂളുകൾക്ക് ഫാൻ വാങ്ങൽ |
| അടങ്കൽ | ₹50000/- |

| | |
|---|---|
| ചെലവ് | ₹35820/- |
| ബിൽ നം, തീയതി | 1/23.05.2019 |

പ്രസ്തുത പ്രോജക്ടിന്റെ ഭൗതിക നേട്ടം വിലയിരുത്തുന്നതിന് സ്കൂളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഫാനുകൾ ഘടിപ്പിക്കാതെ അലമാരയിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. സ്കൂളിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും മെച്ചപ്പെട്ട പഠന സാഹചര്യം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കിയ പ്രോജക്ട് ഫലപ്രാപ്തിയിലെത്താത്തതിനാൽ ₹35820/-ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി -മുൻകൂർ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. :- | എസ്.0039/2019 |
| അടങ്കൽ തുക :- | ₹300000/- (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ :- | അസി. സെക്രട്ടറി |
| ചെലവ് തുക :- | ₹100000/- (28.2.2019-ൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തു) |

പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളായ ശരത് C/o മല്ലിക, ആനയിറങ്കൽ ഡിവിഷൻ, നിഖില C/o ശിവജ്ഞാനം, പന്നിയാർ എന്നിവർ പഠന മുറി നിർമിക്കുന്നതിനുള്ള ആദ്യ ഗഡുവായി ₹50,000/- വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അവർ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി അന്തിമ ഗഡു കൈപ്പറ്റിയിട്ടില്ല. പഠനമുറി നിർമാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-13 LIFE-പദ്ധതി നിർവഹണത്തിൽ പുരോഗതിയില്ല- പൂർത്തിയായത് കേവലം 3 വീടുകൾ

LIFE പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി തയ്യാറാക്കിയ പ്രോജക്ടിൽ 369 പേരാണ് ഉൾപ്പെട്ടിരുന്നത്. ഇവരിൽ 139 പേർ കരാർ ചമച്ച് പദ്ധതിയുടെ ഭാഗമായി. അസി. സെക്രട്ടറി, വി.ഇ.ഒ. എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായ പ്രോജക്ടിലൂടെ ധനസഹായം അനുവദിച്ചതിൽ പൂർത്തീകരിച്ച ഘട്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഘട്ടങ്ങളുടെ വിവരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തറ നിർമാണം | 21 |
| ഭിത്തി നിർമാണം | 56 |
| മേൽക്കൂര നിർമാണം | 59 |
| എല്ലാ പ്രവൃത്തികളും പൂർത്തിയായവ | 3 |

പ്രോജക്ടിനുവേണ്ടി തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിവരം

| ഇനം | വകയിരുത്തിയത്/ ലഭ്യമായത് ₹ | ചെലവഴിച്ച തുക ₹ | നീക്കിബാക്കി ₹ |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4040000 | 4040000 | 00 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (SCP) | 812000 | 812000 | 00 |
| ബ്ലോക്ക് വിഹിതം (ജനറൽ) | 2300000 | 2300000 | 00 |
| ബ്ലോക്ക് വിഹിതം (SCP) | 3000000 | 2402783 | 597217 |
| ബ്ലോക്ക് വിഹിതം (TSP) | 400000 | -- | 400000 |
| ജില്ലാപഞ്ചായത്ത് വിഹിതം(ജനറൽ) | 244491 | 244491 | 00 |
| ഹഡ്കോ വായ്പ | 15580000 | 15580000 | 00 |
| ആകെ | 26376491 | 25379274 | 997217 |

പദ്ധതി പ്രവർത്തനം ഒരു വർഷം പിന്നിടുമ്പോഴും കേവലം 3 വീടുകളുടെ നിർമാണമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞതെന്ന വസ്തുത ഒട്ടുംതന്നെ ശുഭോദർക്കമല്ല. നടപടികൾ ത്വരിതപ്പെടുത്തി കർമപരിപാടിയുടെ സമയക്രമത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-14 പി.എച്ച്.സി.-ക്ക് മരുന്നു വാങ്ങൽ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വിവിധ പ്രോജക്ടുകളിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക NEFT മുഖേന സ്ഥാപനത്തിന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ബ്രാഞ്ചിലുള്ള 3624001800000019 അക്കൌണ്ടിലേക്ക് കൈമാറിയെങ്കിലും നാളിതുവരെ സ്ഥാപനം അവ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | കൈമാറിയ തുക ₹ | കൈമാറ്റം ചെയ്ത തീയതി | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|
| എസ്-014/18 ജീവിത ശൈലീ രോഗനിയന്ത്രണം | 9000 + 34738 | 05.04.2019, 23.03.2019 | 43738 |
| എസ്-163/19, പി.എച്ച്.സി-യ്ക്ക് മരുന്ന് | 440500 | 21.11.2018 | 440500 |
| എസ്-004/19 പാലിയേറ്റീവ് കെയർ | 99592 + 182173 | 05.04.2019, 25.03.2019 | 281765 |
| ആകെ | | | 766003 |

പാലിയേറ്റീവ് കെയർ പോലെയുള്ള പ്രോജക്ടുകൾക്ക് വേണ്ടതായ അവശ്യ മരുന്നുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യം സാധുക്കളായ രോഗികൾക്ക് അവരുടെ ജീവിത സായാഹ്നത്തിൽ ലഭിക്കുന്ന ഏറ്റവും അനുതാപപൂർണമായ പരിചരണം നൽകുവാൻ വലിയ തടസ്സമാണ് സൃഷ്ടിക്കുന്നത്. ജീവൻരക്ഷാ മരുന്നുകൾ യഥാസമയം ലഭ്യമാക്കാനാവാത്ത അവസ്ഥ സ്വാഭാവികനീതി നിഷേധത്തിനു തുല്യമാകയാൽ അത് ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. ഇൻവോയിസിൽ ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 അഗതി രഹിത കേരളം പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. :- | എസ്-102/19 |
| ചെലവ് തുക :- | ₹300000/- |
| നിർവ്വഹണം :- | അസി. സെക്രട്ടറി |

*(യൂണിയൻ ബാങ്ക് പൂപ്പാറ ശാഖയിലെ 372202010006492 നമ്പർ അക്കൌണ്ടിലേക്ക് 23.03.2019-ൽ നേരിട്ടു ക്രെഡിറ്റ്*

ചെയ്തു)

ആശ്രയ പദ്ധതിയുടെ (അഗതിരഹിത കേരളം ) രണ്ടാം ഘട്ടമാണ് ഗ്രാമപഞ്ചായത്തിൽ നടന്ന് വരുന്നത്. മുൻവർഷവും തൻവർഷവുമായി മൂന്ന് ലക്ഷം രൂപ വീതം പദ്ധതി നടത്തിപ്പിനായി ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റിയിരുന്നവെങ്കിലും കർമപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന കക്കൂസ് നിർമാണത്തിന് കേവലം ₹15000/- ചെലവഴിച്ചത് മാത്രമാണ് ആസ്തി സൃഷ്ടിക്കലിനായി നടത്തിയ പ്രവർത്തനം. ചലഞ്ച് ഫണ്ടിന്റെ അപര്യാപ്തത മൂലം ഭക്ഷണവിതരണ പരിപാടികൾക്ക് പ്രസ്തുത തുക വിനിയോഗിച്ചതിനാൽ ₹293421/-യാണ് ടി അക്കൌണ്ടിലെ നീക്കിയിരിപ്പ് (31.03.2019 വരെയുള്ള പാസ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം). ഇതിനോടകം കുടുംബശ്രീ എക്സി. ഡയറക്ടർ ചലഞ്ച് ഫണ്ടായി ₹697775/- അനുവദിച്ചെങ്കിലും (ഉത്തരവ് നം.കെ.എസ്.എൽ.257/2019 തീ.10.3.2019) അക്കൌണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല. വികസനഫണ്ട് വിഹിതം മൂലധന ആസ്തി സൃഷ്ടിക്കലിന് മാത്രമേ വിനിയോഗിക്കാവൂ എന്ന നിബന്ധന നിലനിൽക്കേ ഭക്ഷ്യവിതരണത്തിനായി പ്രസ്തുത ഫണ്ട് വിനിയോഗിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. ആകയാൽ ചലഞ്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വികസനഫണ്ട് വിഹിതത്തിലെ നീക്കിയിരിപ്പ് പുനഃക്രമീകരിക്കേണ്ടതും സമയബന്ധിതമായി കർമപരിപാടിയിലെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 300000.00 | 69/2019 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000.00 | 0.00 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2300000.00 | 97, 217/2019 ലൈഫ് മിഷൻ (ജനറൽ) | 2300000.00 | 0.00 |
| ജില്ലാപഞ്ചായത്ത് | 2018-19 | 244491.00 | 97, 217/2019 ലൈഫ് മിഷൻ (ജനറൽ) | 244491.00 | 0.00 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 3000000.00 | 99/2019 LIFE (SC) | 2402783.00 | 597217.00 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 200000.00 | 99/2019 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും | 167725.00 | 32275.00 |
| ജില്ലാപഞ്ചായത്ത് | 2018-19 | 60000.00 | 99/2019 LIFE (SC) | 0 | 60000.00 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 400000.00 | 99/2019 LIFE (TSP) | 0 | 400000.00 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹15580000.00 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ ലോൺ) | | 15580000.00 | - | - | - | 15580000.00 |
| ഇ.എം.എസ്. | | 17710261.00 | 6458624.00 | 1750000.00 | - | 4708624.00 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 173000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 17250.00 (പലിശ) |
| ആകെ | 190250.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 190250.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം FD RT. No. 1817/29.03.2019 | 29.03.2019 | 12 മാസം | 190250.00 | പലിശ 9% |
| ആകെ | | | | 190250.00 | - |

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | - |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2015-16 | - |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) <u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| | | | ഭരണ വകുപ്പ് | | | | (തീയതി) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 25 | P.A. Sathidas, Secretary, | LF.15634/ SC2/02 dt.21.05.03 | 3211 | തുക അടവാക്കിയിട്ടില്ല | | | | | 3211 | |
| 2 | 1999-00 | 26 | P. D. Raveendran, Secretary | LF. 22159/03 dt.24.7.04 | 26800 | തുക അടവാക്കിയിട്ടില്ല | | | | | 26800 | |
| 3 | 2001-02 | 2-6 | V. Jayaprakash | LF 14469/05 dt.25.9.06 | 2288 | തുക ഈടാക്കിയിട്ടില്ല | | | | | 2288 | |

(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28, 32, 35, 41, | P.A. Sathidas, Secretary | LF 15634/ SP.Cell/ S.C2/02 dt.21.5.03 | 7591 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 7591 | |
| 2 | 1998-99 | 39 | Varghese Samuel, Agri Officer | LF 15634/ SP.Cell/ S.C2/02 dt.27.3.03 | 37430 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | CMA 118/03, Dist Court, Thodu puzha to DD dated 25.02.04 | | | | 37430 | |
| 3 | 1999-00 | 44 | P.D. Raveendran, Secretary | LF 22159/ SP.Cell/ S.C2/03 dt.24.7.04 | 4700 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 4700 | |
| 4 | 1999-00 | 46 | K. Vijayakumar, Secretary | LF 22159/ SP.Cell/ S.C2/03 dt.24.7.04 | 37000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 37000 | |
| 5 | 1999-00 | 43 | A.Saydu, Secretary | LF 22159/ SP.Cell/ S.C2/03 dt.24.7.04 | 8000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 8000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91565133 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹80664571 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹53396 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1183244 |

*(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്)*

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-6 | 0 | 53396 | 26698 | ശ്രീ. രാജേഷ് രാജൻ<br>അസി. എൻജിനിയർ |
| | | | | |

| | | | | |
|---|---|---|---|---|
| | | | 26698 | ശ്രീമതി. സുനിത<br>അസി. എക്സി. എൻജിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1147424 | 1) ശ്രീ. രാജേഷ് രാജൻ, അസി. എൻജിനിയർ<br>2) ശ്രീമതി. സുനിത, അസി. എക്സി. എൻജിനിയർ |
| 3-11 | 35820 | ശ്രീമതി. റജീനാറാണി, ഹെഡ്മിസ്ട്രസ്<br>ഗവ. എൽ.പി.എസ്., പൂപ്പാറ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 9340 | ശ്രീ. രാജേഷ് രാജൻ, അസി. എൻജിനിയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ : 2-2, 3-5, 3-6, 3-9.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ് രാജൻ<br>അസി.എൻജിനിയർ | അസി. എൻജിനിയർ<br>ശാന്തമ്പാറ ഗ്രാമപഞ്ചായത്ത് | കാർത്തിക<br>അറവുകാട്<br>പുന്നപ്ര പി. ഒ.<br>ആലപ്പുഴ |
| ശ്രീമതി. സുനിത<br>അസി. എക്സി. എൻജിനിയർ | അസി. എക്സി. എൻജിനിയർ<br>ദേവികുളം ബ്ലോക്ക്പഞ്ചായത്ത് | സുനിത ബിൽഡിംഗ്<br>ഇടവ പി. ഒ.<br>തിരുവനന്തപുരം<br>പിൻ – 695311 |
| ശ്രീമതി. റജീനാറാണി<br>ഹെഡ്മിസ്ട്രസ് | ശ്രീമതി. റജീനാറാണി, ഹെഡ്മിസ്ട്രസ്<br>ഗവ. എൽ.പി.എസ്., പൂപ്പാറ | ഏഞ്ചൽ കോട്ടേജ്<br>ഏലപ്പാറ പി. ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1961-62 മുതൽ 1997-98 വരെ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്.ഐ-5/555/90/ 4.9.1990 | |
| 1966-67 | - ടി - | |

| | | |
|---|---|---|
| 1969-70 | - ടി - | |
| 1970-71 | - ടി - | |
| 1972-73 | - ടി - | |
| 1973-74 | - ടി - | |
| 1974-75 | - ടി - | |
| 1975-76 | എൽ.എഫ്.ഐ-5/3101/പി3/-7/ 3.12.1977 | |
| 1976-77 | എൽ.എഫ്.ഐ-5/2565/പി3/-78 3.8.1979 | |
| 1977-78 | എൽ.എഫ്.ഐ-5/79/80 20.6.1980 | |
| 1978-79 | എൽ.എഫ്.ഐ-5/178/81 2.2.1981 | |
| 1979-80 | എൽ.എഫ്.ഐ-5/55/82 12.1.1982 | |
| 1980-81 | എൽ.എഫ്.ഐ-5/915/82 8.8.1983 | |
| 1981-82 | എൽ.എഫ്.ഐ-5/1105/83 5.4.1984 | |
| 1982-83 | എൽ.എഫ്.ഐ-5/85/87 3.3.1988 | |
| 1983-84 | എൽ.എഫ്.ഐ-5/859/88 7.6.1988 | |
| 1984-85 | എൽ.എഫ്.ഐ-5/384/88/15.6.1988 | |
| 1985-86 | എൽ.എഫ്.ഐ-5/890/90 11.12.1990 | |
| 1986-87 | എൽ.എഫ്.ഐ-5/915/90 12.10.1990 | |
| 1987-88 | എൽ.എഫ്.ഐ-5/415/91 6.6.1991 | |
| 1988-89<br>1989-90 | എൽ.എഫ്.ഐ-5/202/93 27.2.1993 | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-5/119/94 18.3.1994 | |
| 1992-93 | എൽ.എഫ്.ഐ-5/291/94 27.8.1994 | |
| 1993-94<br>1994-95 | എൽ.എഫ്.ഐ-5/79/472/ 4.1.1997 | |
| 1996-97 | എൽ.എഫ്.ഐ-9/182/01 6.5.2001 | |
| 1997-98 | എൽ.എഫ്.ഐ-9/352/02 26.7.2002 | |

1998-99 മുതൽ 2017-18 വരെ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 9 | 25, 28, 32, 35, 39, 41 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 5 | 26, 43, 44, 46, 49, 50, 51, 52, 53 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 37 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 3-4 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ. | 1 | 3-5 |

| | | | |
|---|---|---|---|
| | 14/1762/ 30.01.18 | | |
| 2006-07 | എൽ.എഫ്.ഐ-14/1044/2010 26.05.2011/04.08.2011 | 12 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | എൽ.എഫ്.ഐ-14/1159/ 11/07.03.12 | 9 | 1(1),2-1,2-2, 2-3, 2-4, 3-1, 3-2, 3-3, 3-4 |
| 2008-09 | നം.എൽ.എഫ്.ഐ-14/ 1159/11/31.12.2012 | 13 | 1(1),1(2),1-3,2-2, 2-3, 2-4, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10 |
| 2009-10 | നം.എൽ.എഫ്.ഐ.14/ 655/12/06.06.14 | 16 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2010-11<br>2011-12 | എൽ.എഫ്.ഐ-14/623/13 01.04.2015 | 15 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10,3-11 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ.14/1384/15/ 09.05.2016 | 7 | 2-1, 2-2, 3-1, 3-2, 3-3, 3-5,3-8 |
| 2013-14 & 2014-15 | കെ.എസ്.എ/ ഐ.ഡി.കെ-14/1600/18/06.04.18 | 18 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2015-16 | കെ.എസ്.എ/ ഐ.ഡി.കെ-14/415/2017/18.04.2017 | 9 | 2-1, 2-2, 2-3, 3-1, 3-3, 3-4, 3-5,3-6, 3-7 |
| 2016-17 | കെ.എസ്.എ/ ഐ.ഡി.കെ-14/16/2018/03.04.2018 | 9 | 2-2, 2-3, 3-1, 3-5, 3-6, 3-7,3-8, 3-10, 3-11 |
| 2017-18 | കെ.എസ്.എ/ ഐ.ഡി.കെ-14/982/2018 24.09.2018/12.11.2018 | 9 | 1-1 മുതൽ 1-12 വരെ, 2-1 മുതൽ 2-2 വരെ, 3-1 മുതൽ 3-5 വരെ, 4-1 മുതൽ 4-10 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-14/615/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ* : doidk.ksad@kerala.gov.in
തീയതി. 30.08.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി